പള്ളിക്കൽ പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ

1953 [3025] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പള്ളിക്കൽ പഞ്ചായത്തിൽ ഇപ്പോൾ മണ്ണു സംരക്ഷണ പദ്ധതികൾ ഒന്നും ഇല്ലാത്തതിനാൽ ഉടൻ ഈ പ്രദേശത്തു മണ്ണു സംരക്ഷണ ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

പുളിമാത്തു പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ

1954 [3026] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പുളിമാത്തു പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പുളിമാത്തു പഞ്ചായത്തിൽ ഇപ്പോൾ രണ്ടു ഓവർസിയർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. അത് കൊല്ലവിളയിലും പുളിമാത്തിലും ആണ്. കൊല്ലവിള മണ്ണു സംരക്ഷണ പദ്ധതിക്കും, പുളിമാത്തു മണ്ണു സംരക്ഷണ പദ്ധതിക്കും വേണ്ടിയാണ് ടി ഓഫീസുകൾ പ്രവർത്തിക്കുന്നത്. അതിനാൽ പുതിയ് ഓഫീസുകൾ തുറക്കേണ്ടതായിട്ടില്ല.

മടവൂർ പഞ്ചായത്തിലെ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ

1955 [3027] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ മടവൂർ പഞ്ചായത്തിൽ പുതിയ മണ്ണുസംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ മടവൂർ പഞ്ചായത്തിൽ മണ്ണു സംരക്ഷണ പദ്ധതികൾ ഒന്നും തന്നെ നിലവിലില്ലാത്തതിനാൽ ഈ പ്രദേശത്തു മണ്ണു സംരക്ഷണ ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശമില്ല.

പഴയ കുന്നിൻമേൽ പഞ്ചായത്തിൽ പുതിയ മണ്ണുസംരക്ഷണ ഓഫീസുകൾ

1956 [3028] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പഴയ കുന്നിൻ മേൽ പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly